ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 3020 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ചേർത്തല	-	726
ആലപ്പുഴ	-	1342
കാർത്തികപ്പള്ളി	-	952

(ബി) സുനാമി പുനരധിവാസ പദ്ധതിപ്രകാരം വീട് നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 4 ഇനങ്ങളിലായാണ്. സുനാമിയിൽ വീട് നശിച്ചവരെ പ്രയോറിറ്റി 1-ലും മറ്റെങ്ങും വീടില്ലാത്തവരും കടലിൽ നിന്നും 10 മീറ്റർ അകലെ താമസിക്കുന്നവരെയും പ്രയോറിറ്റി 2-ലും കടലിൽ നിന്ന് 200 മീറ്റർ അകലെയും മറ്റെങ്ങും വീടില്ലാത്തവരെയും പ്രയോറിറ്റി 3-ലും പ്രയോറിറ്റി 4-ലിൽ 500 മീറ്റർ അകലെയുള്ളവരും അപകടമേഖലയിൽ വീടുള്ള വരെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇനി ദൂരപരിധി കൂട്ടാൻ ഉദ്ദേശിക്കുന്നില്ല.

(സി) പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധിയിൽ നിന്നും സുനാമി ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. 2009-10 അദ്ധ്യയനവർഷം 6957 കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുത്തിട്ടുണ്ട്. ആയതിന്റെ താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ചേർത്തല താലൂക്ക്	-	2665
അമ്പലപ്പുഴ താലൂക്ക്	-	1268
കാർത്തികപ്പള്ളി താലൂക്ക്	-	3024
ആകെ		6957

സുനാമി സ്പെഷ്യൽ പാക്കേജ്

156(857) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാട്ടുപുഴ പഞ്ചായത്തിൽ സുനാമി സ്പെഷ്യൽ പാക്കേജിൽ അംഗീകാരം കൊടുത്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതികൾക്കും എത്ര കോടി രൂപാ വീതം വകയിരുത്തി യെന്ന് വ്യക്തമാക്കുമോ ;

(സി) സ്പെഷ്യൽ പാക്കേജിലെ ഏതെല്ലാം പദ്ധതികൾ പൂർത്തിയായി ;

(ഡി) ഏതെല്ലാം പദ്ധതികൾ പൂർത്തിയാകാനുണ്ട് ; പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പൂർത്തിയാകാനുള്ള പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക എത്ര കോടി വരും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പൂർത്തിയാക്കാനുള്ള പദ്ധതികൾക്ക് 6.5 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ടി പ്രവൃത്തികൾ പൂർത്തീകരിച്ചു വരികയുമാണ്.

തൃക്കുന്നപ്പുഴ പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം വീടിനർഹതയുള്ള അപേക്ഷകർ

157(859) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കുന്നപ്പുഴ പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീടിനർഹതയുള്ള എത്ര അപേക്ഷകർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവരുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അപേക്ഷകർക്ക് വീട് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സുനാമി പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം വീട് അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ സ്ഥലം എം.എൽ.എ. എന്നിവരുടെ അംഗീകാരത്തോടുകൂടി റവന്യു അധികൃതർ തയ്യാറാക്കി സുനാമി ജില്ലാതല മോണിറ്ററിങ് കമ്മിറ്റി മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് വീട് അനുവദിച്ചിട്ടുള്ളത്.

(ബി-ഇ) ബാധകമല്ല.

സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിക്കുന്ന വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സഹായം

158(860) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സുനാമി പുനരധിവാസ പദ്ധതിപ്രകാരം പുതിയ വീട് നിർമ്മിച്ചു നൽകുന്നതിനോടൊപ്പം തന്നെ വീടിന്റെ അറ്റകുറ്റപ്പണികൾക്കും തുക അനുവദിക്കുമോ ; എങ്കിൽ വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly